"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ്- സർവെയും ഭൂരേഖയും വകുപ്പ് - വഴുതക്കാട് സെൻട്രൽ സർവെ ഓഫീസിലെ പുതിയ **toilet block** നിർമ്മാണം- ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ(ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.**1468/2025/RD** തീയതി,തിരുവനന്തപുരം, **18-06-2025**

---

പരാമർശം:- **1** സർവെ ഡയറക്ടറുടെ **17.03.2025** ലെ **DSLR/1110/2025-B6** നമ്പർ കത്ത്.

**ഉത്തരവ്**

1. സെൻട്രൽ സർവെ ഓഫീസിലെ മ്യൂസിയം നിർമ്മാണത്തിന്റെ ഭാഗമായി നിലവിലുണ്ടായിരുന്ന **toilet block** പൊളിച്ച് മാറ്റേണ്ടി വന്നുവെന്നും ടോയിലറ്റ് സംവിധാനം ഇല്ലാത്തത് ജീവനക്കാർക്കും പൊതുജനങ്ങൾക്കും ബുദ്ധിമുട്ടുണ്ടാക്കുന്നു എന്നും സ്ത്രീസുരക്ഷയുമായി ബന്ധപ്പെട്ട വിഷയം ആയതിനാൽ അടിയന്തരമായി ഒരു **toilet block** നിർമ്മിച്ച് നൽകുന്നതിന് ₹ **3,90,000/** -രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടന്നും ആയതിന് ഭരണാനുമതി ലഭ്യമാക്കണമെന്നും പരാമർശ കത്ത് പ്രകാരം സർവെ ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.
2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വഴുതക്കാട് സെൻട്രൽ സർവ്വേ ഓഫീസിൽ **toilet** നിർമ്മിക്കുന്നതിനായി സർവെ ഡയറക്ടർ ലഭ്യമാക്കിയ ₹ **3,90,000/** - രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതിയും ടി തുക **2029-00-102-95-00-17-NV** എന്ന ശീർഷകത്തിൽ ചെലവഴിക്കുന്നതിനുള്ള അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.
3. നിലവിൽ സർവെ വകുപ്പിന് കീഴിൽ "17-ചെറുകിട മരാമത്തുപണികൾ" എന്ന ശീർഷകം അനുവദിച്ചിട്ടില്ലാത്തതിനാൽ "17" എന്ന **Detailed** ശീർഷകം തുറക്കുന്നതിനായി ധനഃപുനർവിനിയോഗ ശിപാർശ സർവെ ഡയറക്ടർ ലഭ്യമാക്കേണ്ടതും തുടർന്ന് ടി ശീർഷകത്തിൽ തുക വകയിരുത്തുന്നതാണെന്നും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റോയിച്ചൻ തോമസ്
ഡെപ്യൂട്ടി സെക്രട്ടറി

സർവെ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
ധനകാര്യ(വ്യയം - ഡി) വകുപ്പ്.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്(**REV-E2/77/2025-REV**).

ഉത്തരവിൻ പ്രകാരം

Signed by
Joshy K L
Date: 18-06-2025 16:57:42

സെക്ഷൻ ഓഫീസർ